No.A5/1869/PD/ATC/15-16/UC

യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം
തീയതി:- 08/04/2016

# ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 2015-16 വർഷത്തിൽ **സ്പോർട്സ് ഉപകരണങ്ങൾ** വാങ്ങുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ **'പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം'** എന്ന വിലാസത്തിൽ **25/04/2016 തിങ്കളാഴ്ച ഉച്ചയ്ക്ക് 2.00 മണിയ്ക്കകം** ലഭിക്കത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിൽ **'സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം **3.00 മണിക്ക്** അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

പട്ടിക പ്രകാരമുള്ള സാധനങ്ങൾ ഭാഗികമായോ, മൊത്തമായോ നൽകുന്നതിനുള്ള നിരക്കുകൾ രേഖപ്പെടുത്താവുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് ടി സ്ഥാപനങ്ങൾ നൽകുന്ന സാധനത്തിന്റെ ഗുണമേന്മ കൂടി കണക്കിലെടുത്ത് ഭാഗികമായോ, മൊത്തമായോ വിതരണ ഉത്തരവ് നൽകുന്നതാണ്.

ഓരോ സാധനത്തിനും വാറ്റ് നികുതിയും, സെസും ഉൾപ്പെടെയുള്ള വിലകളാണ് രേഖപ്പെടുത്തേണ്ടത്. വിതരണ ഉത്തരവ് ലഭിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം സാധനങ്ങൾ കോളേജാഫീസിൽ എത്തിക്കേണ്ടതാണ്. അതിനായി യാതൊരു വിധ കടത്തു കൂലിയോ, കയറ്റിറക്കു കൂലിയോ നൽകുന്നതല്ല.

ഉത്തരവ് ലഭിച്ച ശേഷം സാധനങ്ങൾ നാൽകാതിരുന്നാൽ, തൊട്ടടുത്ത തുക രേഖപ്പെടുത്തിയ സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുന്നതും, ഇത്തരത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ ഒരിക്കലും ആവശ്യപ്പെടാൻ പാടില്ലാത്തതും, അപ്രകാരം തുക വർദ്ധിപ്പിച്ചു നൽകുന്നതല്ലാത്തതുമാകുന്നു.

ഇപ്രകാരം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ സ്വീകരിയ്ക്കുന്നതിനും, കാരണം കാണിക്കാതെ തന്നെ തള്ളിക്കളയുന്നതിനുമുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

UNIVERSITY COLLEGE THIRUVANANTHAPURAM

പ്രിൻസിപ്പാൾ
PRINCIPAL
UNIVERSITY COLLEGE
THIRUVANANTHAPURAM 695034

പകർപ്പ്:-

1) നോട്ടീസ് ബോർഡ്.
2) കോളേജ് വെബ്സൈറ്റ്
3) വകുപ്പ് തലവൻ, ഫിസിക്കൽ എഡ്യൂക്കേഷൻ
4) കരുതൽ ഫയൽ